**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2572** **13-02-2024 - ൽ മറുപടിയ്ക്ക്**

**എം.എൽ.എ ആസ്തി വികസന ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | എം.എൽ.എ ആസ്തി വികസന ഫണ്ട്, സ്പെഷ്യൽ വികസന നിധി എന്നിവയിൽ ഉൾപ്പെടുന്ന പ്രവൃത്തികൾക്ക് ധനകാര്യ വകുപ്പിന്റെ പ്രത്യേകാനുമതി ആവശ്യമുള്ള സാഹചര്യങ്ങളിൽ എം.എൽ.എ സമർപ്പിക്കുന്ന അപേക്ഷകൾക്ക് പ്രത്യേക അനുമതി ലഭിക്കുവാൻ കാലതാമസമെടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സർക്കാർ ഉടമസ്ഥതയിൽ മൂലധന സ്വഭാവമുള്ള ദീർഘകാലം നിലനിൽക്കുന്ന ആസ്തികൾ സൃഷ്ടിക്കുക, അടിസ്ഥാന സൗകര്യ വികസനം എന്നിവ ലക്ഷ്യമിട്ടുകൊണ്ട് ഓരോ എം എൽ എക്കും ആസ്തി വികസന ഫണ്ട് 5 കോടി രൂപ, തദ്ദേശീയമായ വികസന പ്രവർത്തനങ്ങൾക്കായി പ്രത്യേക വികസന നിധി 1 കോടി രൂപ വീതം ഓരോ വർഷവും വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളിൽ അനുവദനീയമായവ, അനുവദനീയമല്ലാത്തവ തുടങ്ങിയവ സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ യഥാക്രമം 04/08/2018 തീയതിയിലെ സർക്കാർ ഉത്തരവ് (അ)നം.119/2018/ധന. ഉത്തരവ്, 29/12/2017 തീയതിയിലെ സർക്കാർ ഉത്തരവ് (അ)നം.161/2017/ധന. ഉത്തരവ് എന്നിവ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതാണ്. എന്നാൽ, അനുവദനീയമല്ലാത്ത പ്രവൃത്തികൾ, സമയ പരിധിക്കുള്ളിൽ ഭരണാനുമതി നൽകാൻ കഴിയാത്ത പ്രവൃത്തികൾക്ക് അനുമതി നൽകുന്നതിനുള്ള സമയപരിധിയിൽ ഇളവ് നൽകി ഭരണാനുമതി നൽകുന്നതിന്, അനുവദിച്ച പ്രവൃത്തികളിൽ സാങ്കേതിക കാരണങ്ങളാൽ നിർവ്വഹണം അസാധ്യമായ പ്രവൃത്തികൾ റദ്ദ് ചെയ്ത് പുതിയ പ്രവൃത്തി അനുവദിക്കുന്നതിന്, തുടങ്ങിയ ആവശ്യങ്ങൾക്കാണ് പ്രത്യേകാനുമതി ആവശ്യമായിവരുന്നത്. ഇതിനായി, ബഹു. എംഎൽഎ മാർ സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ നടപടി സ്വീകരിക്കുന്നതിൽ കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ചില കേസുകളിൽ പ്രത്യേകാനുമതി നൽകുന്നതിന് ബന്ധപ്പെട്ട ഭരണാനുമതി അതോറിറ്റി ആയ ജില്ലാ കളക്ടറുടെ റിപ്പോർട്ട് വാങ്ങി പരിശോധിക്കേണ്ടതും ചില സാങ്കേതിക കാര്യങ്ങളിൽ നിർവ്വഹണ ചുമതലയുള്ള ബന്ധപ്പെട്ട എൻജിനീയറുടെ റിപ്പോർട്ടും |

| | | | |
|---|---|---|---|
| | | | ആവശ്യമായി വരുന്നു. അത്തരം കേസുകളിൽ, ബന്ധപ്പെട്ട അധികാരികളുടെ റിപ്പോർട്ട് ലഭ്യമാക്കി പ്രത്യേകാനുമതി ആവശ്യത്തിന്മേൽ തീരുമാനമെടുക്കുന്നതിന് പ്രായോഗികമായി അനിവാര്യമായ കുറഞ്ഞ സമയം ആവശ്യമായി വരാറുണ്ട്. ടി അപേക്ഷകളിന്മേൽ സമയബന്ധിതമായി തന്നെ തീരുമാനം എടുക്കുകയും പ്രസ്തുത വിവരം ബഹു. എം.എൽ.എ മാരെ അറിയിച്ചുവരുകയുമാണ് ചെയ്യുന്നത്. |
| (ബി) | സമയബന്ധിതമായി പ്രത്യേകാനുമതികൾ നൽകുവാൻ നടപടി സ്വീകരിക്കുമോ ? | (ബി) | സർക്കാർ ഉടമസ്ഥതയിൽ മൂലധന സ്വഭാവമുള്ള ദീർഘകാലം നിലനിൽക്കുന്ന ആസ്തികൾ സൃഷ്ടിക്കുക, അടിസ്ഥാന സൗകര്യ വികസനം എന്നിവ ലക്ഷ്യമിട്ടുകൊണ്ട് ഓരോ എം എൽ എക്കും ആസ്തി വികസന ഫണ്ട് 5 കോടി രൂപ, തദ്ദേശീയമായ വികസന പ്രവർത്തനങ്ങൾക്കായി പ്രത്യേക വികസന നിധി 1 കോടി രൂപ വീതം ഓരോ വർഷവും വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളിൽ അനുവദനീയമായവ, അനുവദനീയമല്ലാത്തവ തുടങ്ങിയവ സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ യഥാക്രമം 04/08/2018 തീയതിയിലെ സർക്കാർ ഉത്തരവ് (അ)നം.119/2018/ധന. ഉത്തരവ്, 29/12/2017 തീയതിയിലെ സർക്കാർ ഉത്തരവ് (അ)നം.161/2017/ധന. ഉത്തരവ് എന്നിവ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതാണ്. എന്നാൽ, അനുവദനീയമല്ലാത്ത പ്രവൃത്തികൾ, സമയ പരിധിക്കുള്ളിൽ ഭരണാനുമതി നൽകാൻ കഴിയാത്ത പ്രവൃത്തികൾക്ക് അനുമതി നൽകുന്നതിനുള്ള സമയപരിധിയിൽ ഇളവ് നൽകി ഭരണാനുമതി നൽകുന്നതിന്, അനുവദിച്ച പ്രവൃത്തികളിൽ സാങ്കേതിക കാരണങ്ങളാൽ നിർവ്വഹണം അസാധ്യമായ പ്രവൃത്തികൾ റദ്ദ് ചെയ്ത് പുതിയ പ്രവൃത്തി അനുവദിക്കുന്നതിന്, തുടങ്ങിയ ആവശ്യങ്ങൾക്കാണ് പ്രത്യേകാനുമതി ആവശ്യമായിവരുന്നത്. ഇതിനായി, ബഹു. എംഎൽഎ മാർ സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ നടപടി സ്വീകരിക്കുന്നതിൽ കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ചില കേസുകളിൽ പ്രത്യേകാനുമതി നൽകുന്നതിന് ബന്ധപ്പെട്ട ഭരണാനുമതി അതോറിറ്റി ആയ ജില്ലാ കളക്ടറുടെ റിപ്പോർട്ട് വാങ്ങി പരിശോധിക്കേണ്ടതും ചില സാങ്കേതിക കാര്യങ്ങളിൽ നിർവ്വഹണ ചുമതലയുള്ള ബന്ധപ്പെട്ട എൻജിനീയറുടെ റിപ്പോർട്ടും ആവശ്യമായി വരുന്നു. അത്തരം കേസുകളിൽ, ബന്ധപ്പെട്ട അധികാരികളുടെ റിപ്പോർട്ട് ലഭ്യമാക്കി പ്രത്യേകാനുമതി ആവശ്യത്തിന്മേൽ തീരുമാനമെടുക്കുന്നതിന് പ്രായോഗികമായി |

| | | | |
|---|---|---|---|
| | | | അനിവാര്യമായ കുറഞ്ഞ സമയം ആവശ്യമായി വരാറുണ്ട്. ടി അപേക്ഷകളിന്മേൽ സമയബന്ധിതമായി തന്നെ തീരുമാനം എടുക്കുകയും പ്രസ്തുത വിവരം ബഹു. എം.എൽ.എ മാരെ അറിയിച്ചുവരുകയുമാണ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ